കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.വി.എസ്.ശിവകുമാർ എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതി - ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നമ്പർ. 2397/2017/തസ്വഭവ. തീയതി, തിരുവനന്തപുരം 14.07.2017.

---

പരാമർശം:-
(1) സ.ഉ.(സാധാ) നമ്പർ 1065/2017/തസ്വഭവ. തീയതി 02.04.2017.
(2) സ.ഉ.(സാധാ) നമ്പർ 2002/2017/തസ്വഭവ തീയതി 16.06.2017.
(3) ശ്രീ.വി.എസ്.ശിവകുമാർ എം.എൽ.എ. യുടെ 24.06.2017 ലെ 3/ADS/TVM-LAC/2016 നമ്പർ കത്ത്.

ഉത്തരവ്

തിരുവനന്തപുരം നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.വി.എസ്.ശിവകുമാർ എം.എൽ.എ.യുടെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി 30 സ്ഥലങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് പരാമർശം 1 പ്രകാരം ഉത്തരവ് നൽകിയിരുന്നു.

2. പരാമർശം 2 ലെ സർക്കാർ ഉത്തരവ് പ്രകാരം ടി സർക്കാർ ഉത്തരവിലെ 30 സ്ഥലങ്ങൾ എന്നത് 29 സ്ഥലങ്ങളാക്കി പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. സൂചന മൂന്നിലെ കത്ത് പ്രകാരം ശ്രീ.വി.എസ്.ശിവകുമാർ എം.എൽ.എ., പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുന്നതിന് കേരള സ്റ്റേറ്റ് ഇൻഡസ്ട്രീസ് എന്റർപ്രൈസസ് ലിമിറ്റഡിനെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു.

4. സർക്കാർ നിർദ്ദേശം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ.വി.എസ്.ശിവകുമാർ എം.എൽ.എ. യുടെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി 29 സ്ഥലങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന്, നിലവിലെ ചട്ടങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രീസ് എന്റർപ്രൈസസ് ലിമിറ്റഡിനെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവാകുന്നു.

5. പരാമർശത്തിലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
റ്റി.കെ.ജോസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

ശ്രീ.വി.എസ്.ശിവകുമാർ, എം.എൽ.എ.
ചീഫ് എഞ്ചിനീയർ / എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) / (എ&ഇ), കേരള, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ.
സെക്രട്ടറി, കെ.എസ്.ഇ.ബി. ലിമിറ്റഡ്.
കേരള സ്റ്റേറ്റ് ഇന്റസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വിവര പൊതുജനസമ്പർക്ക വകുപ്പ്
എക്സിക്യൂട്ടീസ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ധനകാര്യ വകുപ്പ് (NC-B2/20/2017-FIN dated 10.07.2017)
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.